# ഉൽകൃഷ്ടമായ ഒരു വിവാഹത്തിനുള്ള ദൈവത്തിന്റെ ഉദ്ദേശ്യം

സാക് പുന്നൻ

WFTW 25 മെയ് 2014

"കർത്താവേ, എനിക്ക് ഏകാന്തത അനുഭവപ്പെടുന്നു. ദയവുണ്ടായി എനിക്ക് ഒരു ഭാര്യയെ തരാൻ അവിടുത്തേക്കു കഴിയുമോ?'' എന്ന് ആദാം അല്ല ദൈവത്തിന്റെ അടുത്തു ചെന്നു പറഞ്ഞത് (ഉൽപ്പ. 2). ദൈവം മനുഷ്യനെ നോക്കിയപ്പോൾ, "മനുഷ്യൻ ഏകനായിരിക്കുന്നതു നന്നല്ല; ഞാൻ അവനു തക്കതായ ഒരു തുണ ഉണ്ടാക്കിക്കൊടുക്കും'' എന്നു പറഞ്ഞതു ദൈവം തന്നെയാണ് എന്നത് താൽപര്യമുണർത്തുന്ന കാര്യമല്ലേ? (ഉൽപ. 2:8).

എങ്കിൽ ദൈവം എന്തുകൊണ്ട് ആദാമിനെയും ഹവ്വയെയും ഒരേ സമയത്തു സൃഷ്ടിച്ചില്ല? അവിടുത്തേക്ക് അതു വളരെ എളുപ്പത്തിൽ ചെയ്യാൻ കഴിയുമായിരുന്നല്ലോ. അവിടെ പറയുന്നത് "അവിടുന്നു നിലത്തെ പൊടി എടുത്ത് ആദാമിനെ ഉണ്ടാക്കി'' എന്നാണ്. ഇതേ സമയത്തു തന്നെ ദൈവത്തിന് ഹവ്വയെയും ഉണ്ടാക്കുകയും ഇരുവരിലേക്കും ജീവശ്വാസം ഊതുകയും ചെയ്യാമായിരുന്നു. അങ്ങനെയായിരുന്നെങ്കിൽ അവരുടെ കണ്ണുകൾ തുറന്ന ഉടനെ അവർക്കു പരസ്പരം കാണാമായിരുന്നു! എന്തുകൊണ്ടാണ് അവിടുന്ന് ആദാമിനെ തനിച്ച് ആദ്യം ഉണ്ടാക്കുകയും കുറച്ചു സമയത്തിനുശേഷം അവനെ ഒരു ഗാഢനിദ്രയിലാക്കി അവന്റെ വാരിയെല്ല് വലിച്ചെടുത്ത് ഒരു സ്ത്രീയെ ഉണ്ടാക്കുകയും ചെയ്തത്? അതിനൊരു കാരണമുണ്ട്, അവിടെ ദൈവം ആദാമിനോടും ഹവ്വയോടും ആത്മീയമായ ചില കാര്യങ്ങൾ പറയാൻ ശ്രമിക്കുകയായിരുന്നു. രണ്ടുപേർക്ക് ഒന്നാകാൻ കഴിയുന്നതിന്റെ ഒരു രഹസ്യം. അതെന്തായിരുന്നു? ദൈവം ആദാമിനെ ഉണ്ടാക്കിയപ്പോൾ അവന് പെട്ടെന്ന് ജീവൻ ലഭിച്ചു. അവന്റെ കണ്ണുകൾ തുറന്നു. അപ്പോൾ അവൻ ആദ്യം കണ്ട വ്യക്തി ആരായിരുന്നു? ഉത്തരം നിങ്ങൾക്കറിയാം- ദൈവത്തെ.

അവൻ ദൈവത്തെ കണ്ടുമുട്ടി. അവൻ ദൈവത്തോടു സംസാരിച്ചു. അവനു ഭാര്യ ഇല്ലായിരുന്നു. ദൈവവും അവനും മാത്രമായിരുന്നു. വളരെ കഴിഞ്ഞ് അവന് ഒരു ഭാര്യയെ ലഭിച്ചു. ആകയാൽ ദൈവം എന്താണ് അതിലൂടെ ആദാമിനെ പഠിപ്പിക്കാൻ ശ്രമിച്ചത്? ദൈവം ആദാമിനെ ലളിതമായ ഒരു പാഠം പഠിപ്പിക്കാൻ ശ്രമിക്കുകയായിരുന്നു. "നിന്റെ ജീവിതത്തിന്റെ എല്ലാ സമയത്തും ഞാനായിരിക്കണം ഒന്നാമത്. നീ നിന്റെ ഭാര്യയെ കാണുന്നതിനു മുമ്പ് നീ എന്നെ കാണണം. നീ നിന്റെ ഭാര്യയെ വിലമതിക്കുന്നതിനെക്കാൾ അധികം നീ എന്നെ വിലമതിക്കണം.'' അതുകൊണ്ടാണ് ദൈവം ആദാമിനെ തനിച്ച് ആദ്യം ഉണ്ടാക്കിയിട്ട്, ഒരു ഭാര്യ ജനിക്കുന്നതിനുപോലും മുമ്പെ അവനുമായി കൂട്ടായ്മ നടത്തിയത്.

ഇതിൽനിന്ന് നാം എന്താണു പഠിക്കേണ്ടത്? നിങ്ങൾ വിവാഹിതരായിട്ട് 50 വർഷമോ 95 വർഷമോ ആയാലും നിങ്ങളുടെ ജീവിതകാലം മുഴുവനും എല്ലാദിവസവും ദൈവമായിരിക്കണം എല്ലായ്പ്പോഴും ഒന്നാമത്. പരസ്പരം പ്രണയത്തിലായാൽ അധികം പേരും തുടങ്ങുന്നത് അവരുടെ ഭാര്യമാരെ ഒന്നാം സ്ഥാനനത്തു വച്ചുകൊണ്ടാണ്. ചിലരുടെ കാര്യത്തിൽ മാതാപിതാക്കളാണ് ഒന്നാമത്.

നമുക്കു ഹവ്വയുടെ സൃഷ്ടിപ്പിനെപ്പറ്റി ചിന്തിക്കാം. അവിടെ പറയുന്നത് ദൈവം ആദാമിനെ നിദ്രയിലാക്കി എന്നാണ്. അവന് ഉണരാൻ കഴിയാത്തത്ര ഒരു ഗാഢനിദ്ര! എന്നിട്ട് ദൈവം അവന്റെ വാരിയെല്ലിൽ നിന്ന് ഒന്ന് എടുത്തു (ഉൽപ. 2:21) അതിനു പകരം മാംസം പിടിപ്പിക്കുകയും ആ വാരിയെല്ലിൽനിന്ന് ഒരു സ്ത്രീയെ ഉണ്ടാക്കിയ ഉടനെ, ദൈവം അവളുടെ മൂക്കിൽ ഊതിയപ്പോൾ, അവൾക്കു ജീവൻ ലഭിക്കുകയും അവളുടെ കണ്ണുകൾ തുറക്കപ്പെടുകയും ചെയ്തു. അവൾ ആരെയാണ് ആദ്യം കണ്ടത്? ആദാമിനെ അല്ല. ആദാമിന്റെ അസ്ഥിത്തെക്കുറിച്ച് അവൾക്ക് അറിയുകപോലുമില്ലായിരുന്നു. സൃഷ്ടിക്കപ്പെട്ട ഏക മനുഷ്യജീവി അവൾ മാത്രമാണെന്ന് അവൾ ചിന്തിച്ചു. ആദത്തെക്കുറിച്ച് അവൾ ഒന്നും അറിഞ്ഞില്ല. അവളുടെ കണ്ണുകൾ തുറക്കപ്പെടുകയും അവൾ എങ്ങനെ ആയിരുന്നോ, കൃത്യമായി അങ്ങനെ തന്നെ. ആദാം ആ തോട്ടത്തിന്റെ മറ്റേതോ ഭാഗത്തു നല്ല ഉറക്കത്തിലായിരുന്നു. അവൻ അവളുടെ അസ്ഥിത്വത്തെക്കുറിച്ചറിഞ്ഞില്ല. അതുപോലെ അവൾ അവന്റെ അസ്തിത്വത്തെക്കുറിച്ചും അറിഞ്ഞില്ല. അവൾ ദൈവത്തെ കണ്ടുമുട്ടി. അവളോടു സംസാരിച്ച ആദ്യ വ്യക്തി ദൈവമായിരുന്നു. കൂടാതെ വളരെ കഴിഞ്ഞാണ്

ദൈവം അവളെ ആദാമിന്റെ അടുത്തുകൊണ്ടുവന്നത്. അതുകൊണ്ട് ദൈവം എന്താണു ഹവ്വയെ പഠിപ്പിക്കാൻ ശ്രമിച്ചത്? ആദാമിനെ പഠിപ്പിക്കാൻ അവിടുന്നു ശ്രമിച്ച അതേ പാഠം തന്നെ - "ഞാനായിരിക്കണം നിന്റെ ജീവിതത്തിൽ ഒന്നാമത്. നിന്റെ ഭർത്താവുമായി കൂട്ടായ്മ ഉണ്ടാകുന്നതിനുമുമ്പ് നിനക്ക് എന്റെ കൂടെ കൂട്ടായ്മ ഉണ്ടാകണം.''

ഉൽകൃഷ്ടമായ വിവാഹത്തിനുള്ള ദൈവത്തിന്റെ ഉദ്ദേശ്യം എന്താണെന്ന് ഇപ്പോൾ നിങ്ങൾക്കു മനസ്സിലായോ? ഹവ്വയുമായി കൂട്ടായ്മ നടത്തുന്നതിന് മുമ്പ് ആദം ദൈവവുമായി കൂട്ടായ്മ നടത്തേണ്ടി വന്നു. ഹവ്വയ്ക്ക് ആദവുമായുള്ള കൂട്ടായ്മയ്ക്കു മുമ്പ് ദൈവവുമായി കൂട്ടായ്മ ചെയ്യേണ്ടിവന്നു. ഇതെല്ലാം അവിടെ എഴുതപ്പെട്ടിരിക്കുന്നു. ആരംഭം മുതൽ ഇങ്ങനെയാണു ദൈവം ഉദ്ദേശിച്ചത്.

വിവാഹപങ്കാളികളായ ഓരോ വ്യക്തിയും അവരുടെ വ്യക്തിജീവിത്തിൽ കർത്താവിനെ ഒന്നാമതായി വയ്ക്കാൻ ആഗ്രഹിക്കുന്നിടത്ത്, ദൈവം തന്നെ ഭർത്താവിനും ഭാര്യയ്ക്കും ഇടയിലായിരിക്കുമ്പോൾ എന്തു സംഭവിക്കുമെന്ന് നിങ്ങൾക്കറിയാമോ? അവർ ഒരുമിച്ച് ഒട്ടിച്ചു ചേർത്തു പിടിച്ചാൽ ആർക്കും അവരെ വേർപിരിക്കാൻ സാധ്യമല്ല. പിശാചിനോ, ഭൂതങ്ങൾക്കോ, ലോകത്തിനു മുഴുവനുമോ, ചുറ്റുപാടുകൾക്കോ, ദാരിദ്ര്യത്തിനോ, മരണത്തിനുപോലുമോ അതിനു കഴിയുകയില്ല. ആളുകളെ ഒന്നിച്ചു പിടിച്ചു നിർത്താൻ ദൈവമില്ലെങ്കിൽ, മറ്റേതെങ്കിലും ബലത്താലായിരിക്കും അവർ ഒരുമിച്ചു നിർത്തപ്പെടുന്നത്. മറ്റു ബലങ്ങളൊന്നും ഇത്രമാത്രം ശക്തമല്ല. ഫെവിക്കോൾ എന്ന പശയുടെ പരസ്യം നിങ്ങൾ കണ്ടിട്ടുണ്ടോ എന്നെനിക്കറിയില്ല. ഞാൻ കണ്ടിട്ടുള്ള പരസ്യങ്ങളിൽ ഒന്ന്, അവർ വില്ക്കുന്ന ഫെവിക്കോളിന്റെ കുപ്പികളിൽ ഇങ്ങനെ വരച്ചിരിക്കുന്നു. ഒന്നിച്ചു ഒട്ടിച്ചു ചേർത്തിരിക്കുന്ന രണ്ടു സാധനങ്ങളുടെ ഇരുവശത്തുനിന്നും ആനകൾ അതിനെ വലിച്ചു വേർതിരിക്കാനായി ശ്രമിക്കുന്നു. എന്നാൽ അതിനെ വേർപിരിക്കാൻ അവയ്ക്കു കഴിയുന്നില്ല. ഒരു ഭാർത്താവും ഭാര്യയും ദൈവത്താൽ ഒരുമിച്ചു കൂട്ടിചേർക്കപ്പെടുമ്പോൾ, അത് മുമ്പേ പറഞ്ഞതിനേക്കാൾ ദൃഢമാണ്. ഒരാനയ്ക്കും അവരെ വേർപിരിക്കാൻ കഴിയില്ല, ഒരു ഭൂതത്തിനും, ഒരു മനുഷ്യനും അവരെ വേർപിരിക്കാൻ കഴിയില്ല. എന്നാൽ ദൈവം അവരുടെ മദ്ധ്യത്തിൽ ഉണ്ടായിരിക്കണം. ഫെവിക്കോളിനെക്കാളും അരാൾഡേറ്റിനേക്കാളും അല്ലെങ്കിൽ മറ്റെന്തിനെക്കാളും, സൂപ്പർഗ്ലൂവിനെക്കാളും വലിയ ഒട്ടിചേർപ്പുകാരനാണ് ദൈവം. ഒരു ഭർത്താവിനും ഒരു ഭാര്യയ്ക്കും ഇടയിലുള്ള ദൈവം, ഒരു കാര്യത്തിനും വേർപിരിക്കാൻ കഴിയാത്ത വിധത്തിൽ, അവരെ ഒന്നിച്ചു ചേർക്കും. അതുകൊണ്ട്, ഭാർത്താവും ഭാര്യയും എന്ന നിലയിൽ അവരുടെ ഇടയിൽ ദൈവമല്ലാതെ മറ്റൊന്നും കടന്നുവരാതിരിക്കാൻ അവർ വളരെ ശ്രദ്ധയുള്ളവരായിരിക്കണം.

മിക്ക വിവാഹങ്ങളിലും യുവാക്കളെ ഒന്നിച്ചു ചേർക്കുന്ന ശക്തി എന്താണ്? മിക്കപ്പോഴും അതു സൌന്ദര്യമാണ്. ഒരു ആൺകുട്ടി ഒരു പെൺകുട്ടിയെ ഇഷ്ടപ്പെടുന്നത് അവൾക്കു സൌന്ദര്യമുള്ളതുകൊണ്ടാണ്. ഒരു വിവാഹത്തെ 50 വർഷത്തേക്ക് നിലനിർത്താൻ സൌന്ദര്യം മതിയായതല്ല. സൌന്ദര്യത്തിന്റെ പേരിൽ ചിലരെ വിവാഹം ചെയ്തവരുടെ വിവാഹജീവിതത്തെ നോക്കിയാൽ, മൂന്നുമാസത്തിനുശേഷം അവർ തമ്മിൽ പോരാടിക്കൊണ്ടിരിക്കുന്നതു കാണാം. അത് നിലനിൽക്കുനില്ല . നാം ഇപ്പോൾ സൌന്ദര്യത്തിനെതിരല്ല. എല്ലാവിധത്തിലും കാണാൻ ഭംഗിയുള്ള ഒരു പെൺകുട്ടിയെ കല്യാണം കഴിക്കുക. എന്നാൽ അതല്ല പ്രധാനഘടകം. അത് ഒരിക്കലും ഒരു വിവാഹ ബന്ധത്തെ ഒരുമിച്ചു ചേർത്തു നിർത്തുകയില്ല.

അധികം പെൺകുട്ടികളും ഒരു ആൺകുട്ടിയെ തിരഞ്ഞെടുക്കുന്നത് എന്തിന്റെ പേരിലാണ്? നല്ല ജോലി, നല്ല കുടുംബം, ധാരാളം പണം, ഇതെല്ലാമാണ് ഒരു വിവാഹബന്ധത്തെ പിടിച്ചു നിർത്താൻ പോകുന്നത് എന്നാണോ നിങ്ങൾ ചിന്തിക്കുന്നത്? ഒരിക്കലുമല്ല! ചില ആൺകുട്ടികൾ പെൺകുട്ടികളെ വിവാഹം ചെയ്യുന്നത് അവർക്ക് ഒരു വലിയ സ്ത്രീധനം കിട്ടുമെന്നുതുകൊണ്ടാണ്. അത് ഒരിക്കലും ഒരു വിവാഹത്തെ ഒരുമിച്ചു ചേർത്തു നിർത്തുകയില്ല. അത് അസാധ്യമാണ്. ഒരു വിവാഹബന്ധത്തെ ഒന്നിച്ചു ചേർത്തു പിടിച്ചുനിർത്തുന്ന മാർഗ്ഗം, ദൈവം ആരംഭം മുതൽ ചെയ്ത അതേ മാർഗ്ഗമാണ്, അതിൽ ഓരോ വ്യക്തിക്കും പരസ്പരമുള്ള ബന്ധത്തെക്കാൾ വലുതായ ഒരു ബന്ധമാണ് ദൈവത്തോടുള്ളത്. മറ്റു വാക്കുകളിൽ പറഞ്ഞാൽ, നിങ്ങൾ ഒരു ഭർത്താവാണെങ്കിൽ നിങ്ങളുടെ ഭാര്യയുടെ സ്നേഹത്തിൽ നിങ്ങൾ ഒന്നാമതായിരിക്കണമെന്ന് ആഗ്രഹിക്കരുത്. അവളുടെ സ്നേഹത്തിൽ കർത്താവായിരിക്കണം ഒന്നാമത്. അതുപോലെ നിങ്ങൾ ഒരു ഭാര്യയാണെങ്കിൽ നിങ്ങളുടെ ഭർത്താവിന്റെ സ്നേഹത്തിൽ ഒന്നാമതായി കർത്താവായിരിക്കണം, നിങ്ങൾ രണ്ടാമതായിരിക്കണം.

കർത്താവിനെ ഒന്നാമതായി വയ്ക്കുകയും വെളിച്ചത്തിൽ നടക്കുകയും ചെയ്യുന്നവർ, വേദപുസ്തകം 1 യോഹ 1:7ൽ പറയുന്നു "ദൈവം വെളിച്ചത്തിൽ ഇരിക്കുന്നതുപോലെ നാം വെളിച്ചത്തിൽ നടക്കുന്നു എങ്കിൽ, നമുക്കു തമ്മിൽ കൂട്ടായ്മ ഉണ്ട്...'' ആ രണ്ടുപേരും ഒന്നിച്ചു ചേർന്നു നിൽക്കും.

ഇപ്പോൾ ഒരു ഭർത്താവിനും ഭാര്യക്കും ഇടയിൽ വരുന്ന കാര്യങ്ങൾ എന്തൊക്കെയാണ്? അത് മാതാപിതാക്കളാകാം. ഉൽപത്തി 2:24ൽ ഇങ്ങനെ പറയുന്നു. "ഒരു പുരുഷൻ തന്റെ അപ്പനെയും അമ്മയെയും വിട്ടു ഭാര്യയോടു പറ്റിച്ചേരും. അവർ ഇരുവരും ഏകദേഹമായിത്തീരും.'' ആ വാക്യത്തിൽ എന്താണ് പറഞ്ഞിരിക്കുന്നത് എന്ന് ശ്രദ്ധിക്കുക, ഒന്നിനോട് പറ്റിച്ചേരാൻ കഴിയേണ്ടിതന് നിങ്ങൾ ചില കാര്യങ്ങൾ വിട്ടുപിരിയേണ്ടതുണ്ട്. വിട്ടുപിരിയാതെ പറ്റിച്ചേരാൻ നിങ്ങൾ ശ്രമിക്കുകയാണെങ്കിൽ നിങ്ങൾക്ക് ഒരിക്കലും ഒന്നാകാൻ കഴിയുകയില്ല. അത് ആശ്ചര്യകരമല്ലെ? പാപം ലോകത്തിലേക്കു കടക്കുന്നതിനു മുമ്പു തിരുവചനത്തിൽ നമുക്കുവേണ്ടി നൽകപ്പെട്ടിരിക്കുന്ന ഒരേ ഒരു കല്പനയാണത് - അപ്പനെയും അമ്മയെയും വിട്ടുപിരിയുക. വിവാഹിതരായ നിങ്ങളോടു ഞാൻ ചോദിക്കാൻ ആഗ്രഹിക്കുന്നത്, നിങ്ങൾ നിങ്ങളുടെ അപ്പനെയും അമ്മയെയും വിട്ടുപിരിഞ്ഞിട്ടുണ്ടോ? ഞാൻ അർത്ഥമാക്കുന്നത് ഭൗതികമായല്ല, എല്ലാവിധത്തിലും അവരെ സംരക്ഷിക്കുകയും അവരുടെ മരണദിനംവരെ പരിപാലിക്കുകയും ചെയ്യുക. അത് നാം ചെയ്യണം. നാം നമ്മുടെ മാതാപിതാക്കളെ മാനിക്കണം. പക്ഷേ നിങ്ങൾക്കും നിങ്ങളുടെ ജീവിതപങ്കാളിക്കും ഇടയിൽ വരുവാൻ അവരെ അനുവദിക്കരുത്. വൈകാരികമായി നിങ്ങൾ അവരെ വിട്ടുപിരിയണം. അവർ നിങ്ങളെ ഇത്രയും വർഷങ്ങളായി വളർത്തികൊണ്ടുവന്നു, അത് നല്ലത്. എന്നാൽ ഇപ്പോൾ നിങ്ങൾ വിവാഹിതരാണ്. നീ അവരെ വിട്ടുപിരിയേണ്ടിയിരിക്കുന്നു. അനേകം ഭർത്താക്കത്താർക്കും തങ്ങളുടെ മാതാപിതാക്കളോടുള്ള വൈകാരിക അടുപ്പം വിട്ടുകളയുവാൻ പറ്റാത്തതുകൊണ്ടാണ് അവരുടെ വിവാഹജീവിതത്തിൽ കുഴച്ചിലുകളുള്ളത്. അനേകം ഭാര്യമാർ തങ്ങളുടെ മാതാപിതാക്കളോടുള്ള വൈകാരികബന്ധങ്ങൾ വിട്ടുകളഞ്ഞിട്ടില്ല; അവർ തങ്ങളുടെ ഭർത്താക്കത്താരോട് ഒന്നിച്ചു ചേർക്കപ്പെട്ടിട്ടില്ല. ഇതാണ് ദുഃഖകരമായ കാര്യം. കർത്താവ് ഒന്നാമതല്ല; അവരുടെ ജീവിതത്തിൽ ഇടപെട്ടുകൊണ്ട് അവരുടെ മാതാപിതാക്കൾ അവർക്കിടയിലുണ്ട്. മറ്റു ചിലപ്പോൾ ഒരു ജോലി. നിങ്ങളുടെ ജോലിയാകാം നിങ്ങൾക്കു വളരെ പ്രധാനപ്പെട്ടത്. എന്നാൽ ദൈവമല്ലാതെ മറ്റൊന്നു-അത് പണമാകാം, മറ്റനേകം കാര്യങ്ങളിൽ നിങ്ങൾ വ്യാപൃതനായിരിക്കുന്നതായിരിക്കാം. ഒരുപക്ഷേ നിങ്ങളുടെ കുഞ്ഞുങ്ങളാകാം. ഭർത്താവും ഭാര്യയും എന്ന നിലയിൽ നിങ്ങളുടെ ഇടയിൽ വരരുത്.

ഒരു സന്തുഷ്ടമായ വിവാഹജീവിതത്തിന്റെ രഹസ്യമെന്താണ്? എല്ലാ സാഹചര്യങ്ങളിലും കർത്താവിനെ ഒന്നാമതു വയ്ക്കുക, വെളിച്ചത്തിൽ നടക്കുക, നിങ്ങളെ തന്നെ വിധിക്കുക. എന്നാൽ നിങ്ങൾക്കും നിങ്ങളുടെ വിവാഹപങ്കാളിക്കും ഇടയിൽ ഒരു ശക്തിക്കും നശിപ്പിക്കാൻ കഴിയാത്ത ഒരു ബന്ധം നിങ്ങൾ കണ്ടെത്തും.

(മൊഴിമാറ്റം: സാജു ജോസഫ്)